(*c*) the date of constituting this board; and

(*d*) the T. A. and D. A. drawn by the President since after his appointment up to 30th August 1950?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):** (*a*) Yes.

(*b*) Does not arise.

(*c*) 23rd January 1950.

(*d*) Rs. 5,517—6—0.

ശ്രീ. പാഠം തളിയത്തു് : ഈ റഠി. എ. ക്കും ഡി. എ. ക്കും പുറമെ വേറെ താമസിക്കുന്നതിനുള്ള സൗകര്യമോ കാറോ അദ്ദേഹത്തിനു് കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ഒരു കാർ അദ്ദേഹത്തിനു് കൊടുത്തിട്ടുണ്ടു്. അദ്ദേഹം ഇവിടെ വന്നു താമസിക്കുന്നതിനുള്ള ചെലവു് അദ്ദേഹം തന്നെ വഹിക്കണമെന്നാണു് ഇപ്പോഴത്തെ ഏർപ്പാടു്.

ശ്രീ. പാഠം തളിയത്തു് : ഇപ്പോൾ അദ്ദേഹത്തിനു് എക്സിക്യൂട്ടീവു് അധികാരം എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ഗവമ്മെണ്ടു് അതിനെപ്പററി ആലോചിച്ചു കൊണ്ടിരിക്കുകയാണു്.

ശ്രീ. പോഠം തളിയത്തു് : ഇപ്പോൾ അദ്ദേഹത്തിനു് ഗവമ്മെണ്ടിനെ അഡൈസു ചെയ്യുന്നതിനുള്ള അധികാരം മാത്രമെ ഉള്ളോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ഇപ്പോൾ അതു മാത്രമെ ഉള്ളു.

ശ്രീ. പോഠം തളിയത്തു് : ഇറിഗേഷൻ സംബന്ധിച്ചും മററും എന്തെങ്കിലും എക്സിക്യൂട്ടീവു് അധികാരങ്ങൾ ഇടുവാൻ ഇപ്പോൾ അദ്ദേഹത്തിനു് അധികാരമില്ലേ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ഇല്ല. ഗവമ്മെണ്ടാണു ഇപ്പോൾ അങ്ങനെയുള്ള ഉത്തരവുകൾ എല്ലാം ഇടുന്നതു്.

MANURE

*454. [24] **Sri. Paul A. Thaliath:** Will the Hon'ble Minister for Agriculture be pleased to state:—

(*a*) whether it is a fact that the mixing of manure is carried on in some factories at Kottayam or Pallam; and

(*b*) if so whether it is a fact that the different varieties of manure is taken from the Cochin port to Kottayam for making the mixture?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):** (*a*) The mixing of manures is carried on in the Factory belonging to the Malabar Fertilisers and Industries, Ltd., Kottayam, at Chingavanam.

(*b*) The different varieties of manures required for mixing are invariably arranged to be delivered by the supplying contractors at the factory site. In cases where the delivery could be had only at Cochin, the materials are taken from Cochin to Chingavanam.

ശ്രീ. പോഠം തളിയത്തു് : കൊച്ചിയിലോ അതിന്റെ പരിസരങ്ങളിലോ വളം മിക്സു് ചെയ്യുന്നതിനുള്ള ഫാക്ടറികൾ ഏതെങ്കിലുമുണ്ടോ എന്നു ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : രണ്ടു വർഷം മുമ്പാണു് വളം മിക്സു് ചെയ്യുവേണം കൊടുക്കുവാനെന്നു ഗവമ്മെണ്ടു തീരുമാനിച്ചതു്. അതനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ വിളിച്ചിരുന്നു. കുറഞ്ഞ ടെണ്ടർ തന്നയാളിനു് ഇതിനുള്ള അധികാരം കൊടുത്തു. ഇപ്പോഴും അതു നടന്നു വരുന്നുഎന്നേയുള്ളൂ.

ശ്രീ. ഇ. കെ. മാധവൻ : ഇങ്ങനെ മിക്സ് ചെയ്തുകൊടുക്കുന്ന വളം ശരിയായ വിധം മിക്സ് ചെയ്തു തന്നെയാണോ കൊടുക്കുന്നതെന്നു് ഗവൺമെണ്ടു് പരിശോധിക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ഉണ്ടു്. അതിലേക്കു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. അവരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണു് വളം മിക്സ് ചെയ്യുന്നതു്.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു് : വളം മിക്സു് ചെയ്യുന്നതിനു് ആണ്ടു തോറും ടെൻണ്ടർ വിളിച്ചു കൊടുക്കുന്നുണ്ടോ? അതോ, ആദ്യം ഒരിക്കൽ ടെൻണ്ടർ സ്ഥിരപ്പെടുത്തിയ ആളിനുതന്നെ കൊടുക്കുകയാണോ ചെയ്തിട്ടുള്ളതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ആദ്യം ഒരിക്കൽ ടെൻണ്ടർ വിളിച്ചിട്ടേയുള്ളൂ. അവർതന്നെയാണു് ഇപ്പോഴും വളം മിക്സ് ചെയ്തു കൊടുക്കുന്നതു്.

Sri. A. K. George : May I know what is the tender rate?

Sri. E. John Philipose : I will look into it.

ശ്രീ. വി. ഗംഗാധരൻനായർ : മിക്സ് ചെയ്തു് കൊടുക്കുന്ന വളത്തിൽ ധാരാളം കളങ്കങ്ങൾ ചേരുന്നു് വെന്നു് പരാതിയുള്ളതായി ഗവൺമെണ്ടിനറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : അങ്ങനെ പരാതി ഉണ്ടായിട്ടുണ്ടു്. ഗവൺമെണ്ടു് അതിനെപ്പറ്റി വേണ്ടപോലെ അന്വേഷിച്ചിട്ടുണ്ടു്. യാതൊരു കളങ്കവും ചേർക്കാതെയാണു വളം മിക്സു ചെയ്തു കൊടുക്കുന്നതു്.

Sri. A. K. George : Has it been brought to the notice of Government that it is much cheaper for them to mix manures and distribute it to the people?

Sri. E. John Philipose : Government have not considered that question.

ശ്രീ. എ. താണുപിള്ള : ഈ മിക്സച്ചറിൽ ചേരേണ്ട വളങ്ങളും അവയുടെ അനുപാതക്രമവും നിശ്ചയിച്ചതാരാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : അഗ്രികൾച്ചറൽ ഡയറക്ടരാണു്. കൂടാതെ ഓരോകൃഷിക്കും ഉതകുന്ന മിക്സച്ചർ ഏതായിരിക്കുമെന്നുള്ളതിനെപ്പറ്റി ശരിയായ വിദഗ്ധോപദേശം ലഭിച്ചിട്ടുണ്ടു്. അതനുസരിച്ചാണു് വളം മിക്സു് ചെയ്തിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ഒരു തരം മിക്സച്ചറാണോ, പലതരം മിക്സച്ചറാണോ അവിടെ ഉണ്ടാക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : പലതരം മിക്സച്ചറാണു്.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ എത്രതരം ഉണ്ടാക്കുന്നു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : മൂന്നു തരം ഉണ്ടാക്കുന്നു എന്നാണു് തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : ഈ മൂന്നുതരങ്ങൾ ഏതെല്ലാം പ്രകൃതിക്കു് അനുയോജ്യമായിട്ടാണു് ഉണ്ടാക്കിയിരിക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : മലംപ്രദേശം, ഇടനാടു് പ്രദേശം, തീരപ്രദേശം ഈ മൂന്നു വിഭാഗങ്ങളിലേക്കും പറ്റിയ മിക്സച്ചറാണു് ഇപ്പോൾ ഉണ്ടാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : അതിൽ നെൽകൃഷിക്ക് ആവശ്യമുള്ള വളം ഉണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : നെൽകൃഷിക്കാവശ്യമുള്ള വളമേ ഉള്ളൂ.

ശ്രീ. മന്നത്തുപത്മനാഭൻ : ഈ കമ്പനിയും മന്ത്രിമാരുമായിട്ട് എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. ഇ. ജോൺഫിലിപ്പോസ് : യാതൊരു ബന്ധവുമില്ല. അങ്ങനെ ചില പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടെന്നു എനിക്കും അറിയാം.

ശ്രീ. ആർ. ശങ്കർ : ഒരേ കമ്പനിക്കുതന്നെ അനിശ്ചിത കാലത്തേക്ക് ഇതിന്റെ കൺട്രാക്ട് കൊടുക്കുവാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : വിശേഷിച്ചു കാരണമൊന്നുമില്ല.

ശ്രീ. ആർ. ശങ്കർ : വേറെ ഏതെങ്കിലും കമ്പനിക്ക് ഇതിന്റെ കൺട്രാക്ട് കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ആവശ്യമുണ്ടെന്നു കണ്ടാൽ അതേപ്പറ്റി അപ്പോൾ ആലോചിക്കാം.

ശ്രീ. ആർ. ശങ്കർ : ഇത്രയും ആക്ഷേപം ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് ഈ കമ്പനിയെ തൽക്കാലത്തേക്കെങ്കിലും ഒന്നു മാറ്റുന്നതു് നന്നായിരിക്കുമെന്നു ഗവൺമെന്റിനഭിപ്രായമുണ്ടോ?

മിസ്റ്റർ സ്പീക്കർ : അഭിപ്രായം ആവശ്യപ്പെടുന്ന ചോദ്യം അനുവദിക്കുന്നതല്ല.

ശ്രീ. എ. താണുപിള്ള : ഈ മിക്സച്ചറിന്റെ വില നിശ്ചയിക്കുന്നതു് എങ്ങനെയാണു കൊണ്ടാണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ഗവൺമെന്റിനു് ഈ വളങ്ങൾക്കുവേണ്ടി ചെലവു വരുന്ന ക്രമമനുസരിച്ചു് വില നിശ്ചയിക്കും.

ശ്രീ. എ. താണുപിള്ള : ഈ മിക്സച്ചറിൽ ചേരുന്ന വളങ്ങളുടെ വിലയും, മിക്സച്ചറിന്റെ വിലയും, ഒരു പറമ്പിനു് അല്ലെങ്കിൽ ഒരു മന്നിനു് എന്തു വരുമെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: ഈ കമ്പനിക്കു ഈയിനത്തിൽ മാത്രം ഒരാണ്ടിൽ എന്താദായം കിട്ടുമെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. എ. താണുപിള്ള: എതെല്ലാം വളങ്ങൾ കൂട്ടിയാണു് ഈ മിക്സ്ചർ ഉണ്ടാക്കുന്നതു്?

ശ്രീ. ഇ. ജോൺ പിലിപ്പോസ്: അതിൽ പല വളങ്ങളും ചേരും. നിലക്കടലപ്പിണ്ണാക്കു ചേരും. സൂപ്പർഫാസ്ഫേറ്റു ചേരും, ഇങ്ങനെ പലതും ചേരും.

ശ്രീ. എ. താണുപിള്ള: വളം മിക്സുചെയ്യാതെ ഇൻഗ്രീഡിയൻസു മാത്രമായി വില്ക്കുന്നതിൽ എന്താണു വിരോധം?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ചാണു വളം മിക്സുചെയ്തു വില്ക്കുന്നതു്. ഈ വളത്തിനു മാർക്കറ്റു വിലയേക്കാൾ നൂറു റ/നൂറു ശതമാനം സൌജന്യം അനുവദിച്ചിട്ടുണ്ടു്. ആ സൌജന്യവിലയ്ക്കാണു വളം വില്ക്കുന്നതു്. ഈ വളങ്ങൾ മിക്സുചെയ്യാതെ പ്ര

LIBRARY ARCHIVES Kerala Legislative Assembly

തേക്കും പ്രത്യേകം പ്രത്യേകം വില്ക്കുന്നപക്ഷം, വിശേഷിച്ചും മാക്രോ വില വളരെ അധികമായിരിക്കുന്ന ബോൺമിൽ ഉൾപ്പെടെ, വളങ്ങൾ കൃഷിക്കു ഉപയോഗപ്പെടുത്താതെ പുറമെ വിറ്റുപോകും എന്ന കരുതലോടുകൂടിയാണ വളം മിക്സു ചെയ്തു വില്ക്കുന്നതു്.

ശ്രീ. എ. താണുപിള്ള: നെൽകൃഷിക്കു മാത്രമാണോ ഇപ്പോൾ ഈ വളം കൊടുക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. എ. താണുപിള്ള: അല്ലാതെ തെങ്ങുകൃഷിക്കാർ ആവശ്യപ്പെട്ടാൽ കൊടുക്കുകയില്ലെ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നെൽകൃഷിക്കു കൊടുക്കാൻതന്നെ വളം തികയുന്നില്ല.

ശ്രീ. പാറേം തളിയത്തു്: കൊച്ചിയിലും വളം മിക്സുചെയ്യാണോ കൊടുക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. പി. നാണു: വളം മിക്സുചെയ്യുന്നതിനു എത്ര റേറ്റു വച്ചാണു കൊടുക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ ഡാറ്റാ എന്റെ കൈവശമില്ല.

TOBACCO LICENCEES

*455. [25] **Sri. Paul A. Thaliath:** Will the Hon'ble Minister for Excise be pleased to state :—

(*a*) whether it is a fact that tobacco dealers of the State have to take two licences one from the State and the other from the Central Government;

(*b*) whether such a double licence system is in existence in any other State; and

(*c*) whether sales-tax is collected for tobacco sale?

Minister for Industries, Excise and Local-Self Government

[Sri. N. Kunjuraman]: (*a*) Only wholesale dealers in unmanufactured tobacco have to take out two licenses, *i.e.*, the prescribed State license and the Central Excise license. Retail dealers in unmanufactured tobacco and wholesale and retail dealers in manufactured tobacco have to take out only one license, *i.e.*, the prescribed State license.

(*b*) No information is available;

(*c*) Yes.

സെൻസസ്സു്

*൪൫൯. †(൨൯) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സെൻസസ്സു് എടുക്കുവാനുള്ള വേലകൾ ആരംഭിച്ചുവോ;

(ബി) എന്തെല്ലാം വിവരങ്ങൾ ശേഖരിക്കുവാനാണു് ഉദ്ദേശിക്കുന്നതു്;

(സി) കേന്ദ്രത്തിൽനിന്നും ആവശ്യപ്പെടുന്നതിൽ കൂടുതലായി എന്തെങ്കിലും വിവരങ്ങൾ ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും ഏസ്റ്റേറ്റും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) സെൻസസ്സു് എന്യൂമറേഷൻ സംബന്ധിച്ചുള്ള പ്രാരംഭജോലികൾ മിക്കവാറും പൂർത്തിയാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly